# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.05.2025** | പ്രധാന വാർത്തകൾ | **TIME: 07.25 AM**

1. ജനാധിപത്യത്തിന്റെ നിലനിൽപ്പിന് ശക്തമായ നിയമസംവിധാനം അത്യന്താപേക്ഷിതമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   **Vice President Jagdeep Dhankhar has said that a robust Judicial system is quintessential for survival and blossoming of democracy.**

2. ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത ഇന്ത്യൻ നിലപാടിനെ പിന്തുണയ്ക്കുന്നതിന് നെതർലാൻഡ്സിന് നന്ദി അറിയിച്ച് വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ.

   **External Affairs Minister Dr S Jaishankar appreciated the Netherlands' strong condemnation of the Pahalgam attack and support for zero tolerance against terrorism.**

3. ഇന്ത്യ-പാകിസ്ഥാൻ വിദേശ നയവുമായി ബന്ധപ്പെട്ട വിവരങ്ങൾ വിദേശകാര്യ സെക്രട്ടറി പാർലമെന്ററി സ്റ്റാന്റിങ് കമ്മിറ്റിയ്ക്ക് മുന്നിൽ വിശദീകരിച്ചു.

   **Foreign Secretary Misri briefs PSC on Operation Sindoor & Pakistan ceasefire.**

4. കോഴിക്കോട് പുതിയ ബസ് സ്റ്റാൻ്റ് കെട്ടിടത്തിലെ തീപിടുത്തം സംബന്ധിച്ച് ഫയർ ഫോഴ്സിൻ്റെ വകുപ്പുതല റിപ്പോർട്ട് ഇന്ന് കൈമാറും.

The fire department's report regarding the fire incident in the new bus stand building in Kozhikode will be submitted today.

5. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത ; കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

   Heavy rain alert in Kerala today; Orange alert in Kozhikode, Wayanad, Kannur, and Kasaragod districts.

6. ഐ.പി.എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് പ്ലേഓഫിൽ നിന്ന് പുറത്തായി.

   In IPL cricket, Lucknow Super Giants have been eliminated from playoffs race.

&&&&&&&&&&&&&&&&&&&&&&&&&&&&

## VP-BOOK RELEASE

ജനാധിപത്യത്തിന്റെ നിലനിൽപ്പിന് ശക്തമായ നിയമസംവിധാനം അത്യന്താപേക്ഷിതമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ന്യൂഡൽഹിയിൽ ഒരു പുസ്തക പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജസ്റ്റിസ് യശ്വന്ത് വർമ വിഷയത്തിൽ അന്വേഷണം എത്രയും വേഗം പൂർത്തിയായി സത്യം പുറത്ത് വരട്ടെയെന്നും അദ്ദേഹം പറഞ്ഞു. നിയമ സംവിധാനത്തെ സംരക്ഷിക്കുന്നതിനൊപ്പം ജഡ്ജിമാർക്ക് നിർഭയം തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ടെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&&&&

## S JAISHANKAR- NETHERLAND

വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ നെതർലാൻഡ്സ് വിദേശകാര്യ മന്ത്രി കാസ്പർ വെൽദ് കാമ്പുമായി ഹേഗിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി പങ്കാളിത്തം ശക്തമാക്കുന്നതിനെക്കുറിച്ചും യൂറോപ്യൻ യൂണിയനുമായുള്ള ഇടപെടലിനെക്കുറിച്ചും ചർച്ച നടത്തിയതായി ഡോ. ജയ്ശങ്കർ സമൂഹമാധ്യമത്തിൽ പറഞ്ഞു. പഹൽഗാം ആക്രമണത്തെ നെതർലാൻഡ്സ് ശക്തമായി അപലപിച്ചതിനെയും, ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടിനെ പിന്തുണയ്ക്കുന്നതിനെയും അദ്ദേഹം അഭിനന്ദിച്ചു. നെതർലാൻഡ്സ്, ഡെൻമാർക്ക്, ജർമനി എന്നിവിടങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ ആദ്യ പാദത്തിലാണ് ശ്രീ. എസ്.ജയ്ശങ്കർ ഹേഗിലെത്തിയത്.

&&&&&&&&&&&&&&&&&&&&&&&&&&&&

## FS-BRIEFING

ഇന്ത്യ-പാകിസ്ഥാൻ വിദേശ നയവുമായി ബന്ധപ്പെട്ട പുതിയ വിവരങ്ങൾ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പാർലമെന്ററി സ്റ്റാന്റിങ് കമ്മിറ്റിയ്ക്ക് മുന്നിൽ വിശദീകരിച്ചു. ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും തുടർന്നുണ്ടായ വെടിനിർത്തൽ സംബന്ധിച്ചും കോൺഗ്രസ് എംപി ശശി തരൂർ അധ്യക്ഷനായ സമിതിയെ ധരിപ്പിച്ചതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&

## SHIVRAJ INDUS WATER TREATY

സിന്ധു നദീജല കരാർ താൽക്കാലികമായി റദ്ദാക്കാനുള്ള തീരുമാനം രാജസ്ഥാൻ, ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിലെ കർഷകർക്ക് ഗുണം ചെയ്യുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള

കർഷകരുമായി ന്യൂഡൽഹി യിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. പാകിസ്ഥാന് ജലം നൽകുന്നത് ഇന്ത്യയിലെ കർഷകരോട് ചെയ്യുന്ന അനീതിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&&&&&

## CHHAGAN BHUJBAL

എൻ സി പി മുതിർന്ന നേതാവ് ഛഗൻ ഭുജ്ബല്ലിനെ ഇന്ന് മഹാരാഷ്ട്ര മന്ത്രിസഭയിൽ ഉൾപ്പെടുത്തും. രാവിലെ 10 മണിക്കാണ് അദ്ദേഹത്തിന്റെ സത്യപ്രതിജ്ഞ. ഭക്ഷ്യ, പൊതുവിതരണ വകുപ്പിന്റെ ചുമതല ഭുജ്ബല്ലിന് നൽകുമെന്നാണ് സൂചന. ഏക്നാഥ് ഷിൻഡെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന് വകുപ്പ് നൽകിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&

## SONOWAL- WATERWAYS IN NORTHEAST (INTRO)

രാജ്യത്തിന്റെ വടക്കു-കിഴക്കൻ മേഖലയുടെ വികസനത്തിനായി കേന്ദ്രം നിരന്തരം പ്രവർത്തിക്കുന്നതായി കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. അസമിലും വടക്കു-കിഴക്കൻ മേഖലയിലും ജലപാത-അടിസ്ഥാന സൗകര്യങ്ങൾ വികസന പാതയിലാണെന്നും അദ്ദേഹം പറഞ്ഞു.

(VOICE - സോനോവാൾ)

അടുത്ത വർഷത്തോടെ 1,000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. വിവിധ വികസന പദ്ധതികളുടെ പുരോഗതിയും ശ്രീ സർബാനന്ദ സോനോവാൾ അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&&&&&

## ARMY CEASEFIRE

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ കരാർ അവസാനിച്ചെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത തള്ളി ഇന്ത്യൻ സൈന്യം. ഇരു രാജ്യങ്ങളുടെയും ഡിജിഎംഒ മാർ തമ്മിൽ ഈ മാസം 12 ന് നടത്തിയ ചർച്ചയിൽ സംഘർഷങ്ങൾക്ക് വിരാമമിടാൻ തീരുമാനിച്ചിരുന്നു. എന്നാൽ വെടിനിർത്തലിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്ന് സൈനിക വൃത്തങ്ങൾ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&&&&

## VP - GOA VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഗോവയിലെത്തും. നാളെ മൊർമുഗാവു തുറമുഖം സന്ദർശിക്കുന്ന അദ്ദേഹം വിവിധ വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കും. തുറമുഖത്തെ മുതിർന്ന ഉദ്യോഗസ്ഥരുമായും തീരസംരക്ഷണ സേന അംഗങ്ങളുമായും ഉപരാഷ്ട്രപതി ആശയവിനിമയം നടത്തും. വ്യാഴാഴ്ച ICAR ലെ ശാസ്ത്രജ്ഞരുമായി അദ്ദേഹം സംവദിക്കും. പിന്നീട് രാജ്ഭവനിൽ ചരകൻ്റേയും സുശ്രുതൻ്റേയും പ്രതിമകൾ ശ്രീ ജഗ്ദീപ് ധൻകർ കമ്മീഷൻ ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&&

## SHIVRAJ ICAR CONFERENCE

രാജ്യത്തെ കാർഷിക സർവ്വകലാശാലകളിലെ വൈസ് ചാൻസിലർമാരുടേയും ICAR ഡയറക്ടർമാരുടേയും വാർഷിക സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. 2047 ലെ വികസിത ഭാരതത്തിനായി കാർഷിക ഗവേഷണം, വിദ്യാഭ്യാസം, തുടങ്ങിയവയുടെ ഒരുമിച്ചുള്ള പ്രവർത്തനം എന്നതാണ് ഇത്തവണത്തെ പ്രമേയം. കാർഷിക മേഖലയിലെ വിദഗ്ദ്ധർ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് കേന്ദ്ര കൃഷി - കർഷക ക്ഷേമ

മന്ത്രാലയം അറിയിച്ചു. കേന്ദ്ര മന്ത്രി രാജീവ് രഞ്ചൻ സിങ്ങും പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ, സൺറൈസേഴ്സ് ഹൈദരാബാദിനോട് ആറ് വിക്കറ്റിന് പരാജയപ്പെട്ട് ലഖ്നൗ സൂപ്പർ ജയന്റ്സ് പ്ലേഓഫിൽനിന്ന് പുറത്തായി. 206 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഹൈദരാബാദ് 18.2 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 206 റൺസ് നേടി. 59 റൺസ് നേടിയ അഭിഷേക് ശർമ്മയാണ് കളിയിലെ താരം. ഈ തോൽവിയോടെ ലഖ്നൗ സൂപ്പർ ജയന്റ്സ് 12 മത്സരങ്ങളിൽ നിന്ന് 10 പോയിന്റുമായി ഏഴാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും.

&&&&&&&&&&&&&&&&&&&&&&&&&&&&

## KHELO INDIA - MANDAVIYA (INTRO)

ഖേലോ ഇന്ത്യ" ബീച്ച് ഗെയിംസി"ന് ദിയുവിലെ ഘോഗ്ല ബീച്ചിൽ തുടക്കമായി. 2047- ഓടെ കായിക മേഖലയിൽ ഇന്ത്യ സൂപ്പർ പവറായി മാറുമെന്ന് ഗെയിംസിൻറെ ഉദ്ഘാടനം നിർവ്വഹിക്കവെ കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

(വോയിസ് - മാണ്ഡവ്യ)

ഖേലോ ഇന്ത്യ ബീച്ച് ഗെയിംസ് കായിക ചരിത്രത്തിലെ നിർണായക നിമിഷമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ സന്ദേശത്തിൽ പറഞ്ഞു. 30-ലധികം സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 1,350-ലധികം അത്‌ലറ്റുകൾ ഗെയിംസിൽ മത്സരിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&

## WORLD TABLE TENNIS CHAMPIONSHIPS

ദോഹയിൽ നടന്ന 2025 ലെ വേൾഡ് ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ദിയ ചിറ്റാലെയും യശസ്വിനി ഘോർപഡെയും വനിതാ ഡബിൾസ് പ്രീ-ക്വാർട്ട ഫൈനലിൽ കടന്നു. 12-ാം സീഡായ ഇരുവരും സിംഗപ്പൂരിന്റെ സെങ് ജിയാനെയും സെർ ലിൻ ക്വിയാനെയുമാണ് പരാജയപ്പെടുത്തിയത്. അതേസമയം, ഏഷ്യൻ ഗെയിംസ് വെങ്കല മെഡൽ ജേതാക്കളായ ഐഹിക മുഖർജിയും സുതീർത്ഥ മുഖർജിയും ടൂർണമെന്റിൽനിന്ന് പുറത്തായി.

&&&&&&&&&&&&&&&&&&&&&&&&&&&&

## IMD – RAINFALL ALERT

കർണാടകയിൽ അടുത്ത രണ്ട് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തമിഴ്നാടിന് സമീപ പ്രദേശങ്ങൾ, കൊങ്കൺ, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ മൂന്ന് ദിവസത്തേക്ക് ചുവപ്പ് ജാഗ്രതയാണ്. കേരളത്തിൽ ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട മുതൽ മലപ്പുറം വരെ 8 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&&&&&&&&&&&

## LDF GOVT

കേരളത്തിൽ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽഡിഎഫ് സർക്കാർ അഞ്ചാംവർഷത്തിലേക്ക്. 2021 മെയ് 20 നാണ് രണ്ടാം പിണറായി മന്ത്രിസഭ അധികാരമേറ്റത്. അതേസമയം, രണ്ടാം പിണറായി സർക്കാർ നാലുവർഷം

പൂർത്തിയാക്കുന്ന ഇന്ന് യു ഡി എഫ് കരിദിനമായി ആചരിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&

## ERNAKULAM MISSING GIRL

ആലുവയിൽ നിന്നും ഇന്നലെ കാണാതായ മൂന്നു വയസുകാരിയുടെ ശരീരം ചാലക്കുടി പുഴയിൽ നിന്നു കണ്ടെടുത്തതായി പോലീസ്. അമ്മ തന്നെ കുട്ടിയെ പുഴയിലേക്ക് എറിയുകയായിരുന്നുവെന്നാണ് പ്രാഥമിക നിഗമനം.

&&&&&&&&&&&&&&&&&&&&&&&&&&&&

## KOZHIKODE FIRE – REPORT

കോഴിക്കോട് പുതിയ ബസ് സ്റ്റാൻ്റ് കെട്ടിടത്തിലെ തീപിടുത്തം സംബന്ധിച്ച് ഫയർ ഫോഴ്സിൻ്റെ വകുപ്പുതല റിപ്പോർട്ട് ഇന്ന് കൈമാറും. ഫയർ ഫോഴ്സ് ഡയറക്ടർ ജനറലിനാണ് റിപ്പോർട്ട് നൽകുക. സംഭവത്തിൽ പോലിസ്, ഫയർ ഫോഴ്സ് സേനാവിഭാഗങ്ങൾക്ക്

പുറമെ ഇലക്ട്രിക്കൽ പരിശോധനയും ഇന്നലെ നടന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&

## PM – MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 23 വരെ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&

## AMIT SHAH – OCI CARD

OCI കാർഡ് ഉടമകൾക്ക് ലോകോത്തര ഇമിഗ്രേഷൻ സൗകര്യങ്ങൾ നൽകാൻ രാജ്യം നിരന്തരം പരിശ്രമിക്കുന്നുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യയുടെ നവീകരിച്ച പോർട്ടൽ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മെച്ചപ്പെട്ട പ്രവർത്തനക്ഷമതയോടെ പൗര സൗഹൃദ ഡിജിറ്റൽ സംവിധാനം വർദ്ധിപ്പിക്കുന്നതിൽ പുതിയ OCI പോർട്ടൽ സുപ്രധാന ചുവടുവയ്പ്പാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&